പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4186 | 24.10.2016-ൽ മറുപടിക്ക്

## ജനമൈത്രി പോലീസ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) ജനമൈത്രി പോലീസ് സംവിധാനത്തിൽ വനിതകളുടെ ക്ഷേമത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്നാണ് സ്ത്രീ സുരക്ഷ. സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ജനമൈത്രി പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് വനിതാ ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിക്കുന്നുണ്ട്. ജനമൈത്രി പോലീസ് അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാരായി വനിതാ ഉദ്യോഗസ്ഥരെയാണ് നിയമിക്കുന്നത്. ഇതിനാൽ സ്ത്രീകൾക്ക് പോലീസുമായി അവരുടെ പ്രശ്നങ്ങൾ നേരിട്ട് അവതരിപ്പിക്കാൻ അവസരം ലഭിക്കുന്നു. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ നേതൃത്വത്തിൽ നടത്തിയ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനങ്ങളിലൊന്നായിരുന്നു വനിതാ സ്വയം സുരക്ഷാ പരിശീലന പരിപാടി. കേരളത്തിലെ എല്ലാ ജില്ലകളിലും ഈ പരിപാടി നടപ്പിലാക്കിക്കഴിഞ്ഞു. സ്ത്രീകളുടെ യാത്ര സുരക്ഷിതമാക്കുന്നതിനായി ജില്ലകൾ കേന്ദ്രീകരിച്ച് ഷീ ഓട്ടോ പദ്ധതി നടപ്പിലാക്കി വരുന്നു. കൗമാരക്കാരായ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി അവർക്ക് നിയമ, അവകാശ, അവബോധം നൽകുന്നതിനായി സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ഇൻഫർമേഷൻ ടച്ച് സ്ക്രീൻ കിയോസ്കുകളും കൈപ്പുസ്തകങ്ങളും പ്രയോജനപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിലേക്കായി വനിതാ ശിശു സുരക്ഷയിൽ ജനമൈത്രി പോലീസിന്റെ പങ്ക് എന്ന വിഷയത്തെ ആസ്പദമാക്കി |

ജില്ലാ-സംസ്ഥാനതലങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ വഴി സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ കുറവുണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തേണ്ടതായിട്ടുണ്ട്.

(സി) ജനമൈത്രി പോലീസ് സംവിധാനം വഴി സ്ത്രീകളുടെ ക്ഷേമത്തിനായി എന്തെല്ലാം പുതിയ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുമെന്ന് വിശദമാക്കുമോ?

(സി) സ്ത്രീകളുടെ സുരക്ഷിതത്വം ലക്ഷ്യമിട്ടുകൊണ്ട് സ്ത്രീകൾക്കായി സ്വയം സുരക്ഷാ പരിശീലന പരിപാടിയിൽ, പരിശീലനം ലഭിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥർ റസിഡന്റ്സ് അസോസിയേഷനുകളിലേയും കുടുംബശ്രീകളിലേയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും സ്ത്രീകൾക്ക് പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. She Auto പോലുള്ള പദ്ധതികൾ കൂടുതൽ നഗരങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്. സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ച് നിയമാവബോധം നൽകുന്നതിനായി കൂടുതൽ കൈപ്പുസ്തകങ്ങൾ നൽകുന്നു. ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ഡെസ്കുകൾ കൂടുതൽ വിപുലമാക്കാനും മെച്ചപ്പെടുത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ